*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

195th Issue - Volume 5, No. 29 **ജാഗ്രത** 29th July 2011


"നിന്റെ സഹോദരൻ തെറ്റുചെയ്താൽ നീയും അവനും മാത്രമായിരിക്കുമ്പോൾ ചെന്ന് ആ തെറ്റ് അവനു ബോദ്ധ്യപ്പെടുത്തിക്കൊടുക്കുക. അവൻ നിന്റെ വാക്കു കേൾക്കുന്നെങ്കിൽ നീ നിന്റെ സഹോദരനെ നേടി. അവൻ നിന്നെ കേൾക്കുന്നില്ലെങ്കിൽ രണ്ടോ മൂന്നോ സാക്ഷികൾ ഓരോ വാക്കും സ്ഥിരീകരിക്കുന്നതിനുവേണ്ടി ഒന്നോ രണ്ടോ സാക്ഷികളെക്കൂടി നിന്നോടൊത്തു കൊണ്ടുപോവുക. അവൻ അവരെയും അനുസരിക്കുന്നില്ലെങ്കിൽ, അവൻ നിനക്കു വിജാതീയനെപ്പോലെയും ചുങ്കക്കാരനെപ്പോലെയും ആയിരിക്കട്ടെ."

(മത്തായി 18–15;17)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil



St. Thomas Aquinas

## പ്രധാന വാർത്തകൾ

1, പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ 11000 റോമൻ യഹുദരെ രക്ഷപ്പെടുത്തിയെന്നു രേഖ

2, റഷ്യൻ തടങ്കൽ പാളയത്തിൽ കഴിഞ്ഞ കർദ്ദിനാൾ സ്വിയാറ്റെക് അന്തരിച്ചു.

3, ദളിതക്രൈസ്തവരുടെ അവകാശങ്ങൾക്കുവേണ്ടി ദില്ലിയിൽ നിരാഹാരസമരം

4, സഭ സമൂഹത്തിന്റെ മനഃസാക്ഷി ആകണം: മേജർആർച്ച്ബിഷപ്മാർ ജോർജ് ആലഞ്ചേരി

5, അഴിമതിക്കെതിരെയുവജനങ്ങൾരംഗത്തിറങ്ങണം: ആർച്ച് ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ

6, കാലഘട്ടത്തിനാവശ്യം പ്രതീക്ഷയുടെ പുളിമാവ്: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

7, സഹനത്തിന്റെ അഭാവം കുറ്റകൃത്യങ്ങളിലേക്കു നയിക്കുന്നു: ഡോ. ജോസഫ് കാരിക്കശേരി

8, വിദ്യാഭ്യാസ അവകാശങ്ങൾ തകർക്കാൻ സംഘടിതശ്രമം: മാർ ആൻഡ്രൂസ് താഴത്ത്

9, മൂല്യബോധമുള്ള തലമുറയാകാൻ വായനാശീലം കൂടിയേ കഴിയൂ: ഡോ. ജോസഫ് കരിയിൽ

10, പ്രതിസന്ധികളെ നേരിടാൻ പുതുതലമുറയെ പ്രാപ്തരാക്കണം: മാർ ജോസഫ് പെരുന്തോട്ടം

## വാരാന്ത്യവീക്ഷണം

പ്രത്യയശാസ്ത്രക്കാർക്ക് അപ്രിയസത്യങ്ങൾ

## ജാഗ്രതാ വാർത്ത

സ്വാശ്രയ വിദ്യാഭ്യാസരംഗം; നിരീക്ഷണങ്ങൾ

ഇന്ത്യൻ ദരിദ്രർ!

## പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ 11000 റോമൻ യഹൂദരെ രക്ഷപ്പെടുത്തിയെന്നു രേഖ

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പയുടെ നേരിട്ടുള്ള ഇടപെടൽ 11000 റോമാക്കാരായ യഹൂദരുടെ രക്ഷപെടലിന് ഇടയാക്കിയെന്ന് വെളിപ്പെടുത്തുന്ന രേഖകൾ ചരിത്രകാരൻമാർ കണ്ടെടുത്തു.

മൈക്കേൽ ഹെസ്മൻ എന്ന ജർമ്മൻ ചരിത്രകാരനാണ് ഇക്കാര്യങ്ങൾ വെളിപ്പെടുത്തുന്ന ഒറിജിനൽ ഡോക്ക്യുമെന്റെസ് കണ്ടെത്തിയത്. സാന്താമരിയ ഡെൽ ആനിമ എന്ന റോമിലുള്ള ജർമ്മൻകാരുടെ ദേശീയ ദൈവാലയത്തിൽ നിന്നാണ് മൈക്കേൽ ഈ രേഖകൾ കണ്ടെത്തിയത്.

1007 യഹൂദരെ വഹിച്ചുകൊണ്ടുള്ള ട്രെയിൻ റോമിൽ നിന്നും ഓഷ്പിറ്റസിലേക്കു പോയപ്പോൾ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ നിശ്ശബ്ദനായിരുന്നുവെന്ന് ആക്ഷേപിക്കുന്നവർക്ക് പിന്നണിയിൽ ഇരുന്ന് യഹൂദർക്കുവേണ്ടി പ്രവർത്തിച്ച മാർപ്പാപ്പയെ തിരിച്ചറിയാൻ കഴിഞ്ഞില്ലെന്ന് ഈ രേഖകൾ തെളിയിക്കുന്നു.

## റഷ്യൻ തടങ്കൽ പാളയത്തിൽ കഴിഞ്ഞ കർദ്ദിനാൾ സ്വിയാറ്റെക് അന്തരിച്ചു.

ഏതാണ്ടു പത്തുവർഷത്തോളം കത്തോലിക്കാ വിശ്വാസത്തെ പ്രതി റഷ്യൻ തടങ്കൽ പാളയത്തിൽ കഴിയേണ്ടി വന്ന കർദ്ദിനാൾ കാസിമീർസ് സ്വിയാറ്റെക് അന്തരിച്ചു. അദ്ദേഹത്തിന് 96 വയസായിരുന്നു. ബെലാറുസിൽ കത്തോലിക്കാ മതപീഡനത്തിനും അതിന്റെ പുനർജീവനത്തിനും അദ്ദേഹം സാക്ഷിയായിരുന്നു.

1914 ൽ റഷ്യൻ സാമ്രാജ്യത്വത്തിലെ എസ്റ്റോണിയയിൽ ജനിച്ച കർദ്ദിനാൾ കുടുംബത്തോടൊപ്പം റഷ്യൻ വിപ്ലവകാലത്ത് പോളണ്ടിലേക്കു കുടിയേറേണ്ടിവന്നു. സോവ്യറ്റ് അധിനിവേശകാലത്ത് ജയിലിൽ അടയ്ക്കപ്പെട്ട അദ്ദേഹം 1941 ൽ ഹിറ്റ്ലറിന്റെ അക്രമണകാലത്ത് സ്വതന്ത്രനായി.1945 ൽ സൈബീരിയയിലേക്ക് നാടുകടത്തപ്പെട്ട കർദ്ദിനാൾ ഒമ്പതു വർഷക്കാലം തടങ്കൽ പാളയത്തിൽ കഠിനാധ്വാനം ചെയ്യേണ്ടിവന്നു.

## ദളിതക്രൈസ്തവരുടെ അവകാശങ്ങൾക്കുവേണ്ടി ദില്ലിയിൽ നിരാഹാരസമരം

പിന്നോക്കജാതികളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്ക് നിയമപരമായി പിന്നോക്കക്കാർക്കു കിട്ടുന്ന അവകാശങ്ങൾ നിക്ഷേധിക്കുന്നതിനെതിരേ മൂന്നുദിവസം നീണ്ടു നില്ക്കുന്ന നിരാഹാരസമരം ആരംഭിച്ചു. ജന്ദർ മന്ദറിൽ ആരംഭിച്ച സമരം ഡൽഹി ആർച്ചുബിഷപ്പ് റൈറ്റ് റവ. ഡോ. വിൻസന്റ് കൊൺചെസാവോ ഉദ്ഘാടനം ചെയ്തു. "അക്രമരഹിതമായ നമ്മുടെ ഈ സമരം നീതി ലഭിക്കും വരെ തുടരും" ആർച്ചുബിഷപ്പ് വിൻസന്റെ സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ടു പ്രഖ്യപിച്ചു.

നൂറ്റമ്പതോളം പേർ പങ്കെടുക്കുന്ന ഈ സഹന സമരം 28-ാം തീയതി വമ്പിച്ച പ്രകടനത്തോടെ സമാപിക്കും. എല്ലാ ക്രൈസ്തവസമൂഹത്തിലും പെടുന്ന മെത്രാന്മാരും നേതാക്കളും സമ്മേളനത്തിൽ പങ്കെടുക്കും.

ഇന്ത്യൻ ഭരണഘടന ബുദ്ധമതത്തിലേക്കും സിക്കുമതത്തിലേക്കും പരിവർത്തനം ചെയ്യപ്പെട്ട ദളിതർക്ക് ദളിതരുടെ അവകാശാനുകൂല്യങ്ങൾ നല്കുമ്പോൾ ക്രിസ്തുമതം സ്വീകരിച്ചവർക്ക് അതു നിക്ഷേധിക്കുന്നത് വിവേചനമാണെന്ന് സംഘാടക സമിതി വ്യക്തമാക്കി.

## സഭ സമൂഹത്തിന്റെ മനഃസാക്ഷി ആകണം: മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി



പാലാ രൂപതയുടെ വൈശിഷ്ട്യത്തിൽ അഭിമാനം കൊള്ളുന്നതായും രൂപത സാർവത്രി കസഭയിലാകെ നിറഞ്ഞു നിൽക്കുന്നതായും മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി. പാലാ ബിഷപ്സ് ഹൗസിൽ നടന്ന സൗഹൃദ സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു മേജർ ആർച്ച്ബിഷപ്. പാലാ രൂപതയിൽ മിഷൻ ചൈതന്യം നിറഞ്ഞു നിൽക്കുകയാണ്. ദൈവദാനങ്ങളോടു സഹകരിച്ചുള്ള നേതൃത്വ ശുശ്രൂഷയാണ് ഓരോരുത്തരുടെയും ധർമം. സഭയെ ചുളിവില്ലാത്തവളായി മനുഷ്യസമൂഹത്തിനു മുന്നിൽ പ്രതിഷ്ഠിക്കാൻ കഴിയണം. സീറോ മലബാർ സഭയുടെ സേവനത്തിനായുള്ള ദാഹം എല്ലായിട

ങ്ങളിലും പ്രകടമാണ്. ആരും മാറിനിൽക്കാതെയും ആരെയും മാറ്റിനിർത്താതെയുമുള്ള നേതൃത്വ ജീവിത ശൈലിയാണ് ഉണ്ടാകേണ്ടത്. തെറ്റു ചെയ്യുന്നവരെ തിരുത്താനുള്ള ഉത്തരവാദിത്വം നമുക്കുണ്ടെന്ന നിയോഗശുദ്ധി സമൂഹത്തിൽ സൃഷ്ടിക്കണം. സഭ സമൂഹത്തിന്റെ മനഃസാക്ഷിയാകണം. സഭ രാഷ്ട്രത്തിന്റെ മനഃസാക്ഷിയാകുകയെന്നാൽ രാഷ്ട്രവുമായി ഏറ്റുമുട്ടുകയെന്നല്ല. സഭ എന്നും സമൂഹത്തോടൊപ്പവും സമൂഹത്തിനുള്ളിൽനിന്നും പ്രവർത്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ, സാംസ്കാരിക മേഖലകളിൽ കൂടുതൽ ഇറങ്ങിച്ചെല്ലാൻ കഴിയണം. വിദ്യാഭ്യാസ പ്രവർത്തനത്തിൽനിന്ന് ഒട്ടും അകന്നു നിൽക്കാൻ സഭയ്ക്കു കഴിയില്ല. സമുദായങ്ങളെ ഭിന്നിപ്പിച്ചു പ്രവർത്തിപ്പിക്കാൻ സഭ ആഗ്രഹിക്കുന്നില്ല. എല്ലാ സംസ്കാരങ്ങളെയും ഒരുമിപ്പിച്ചു പ്രവർത്തിപ്പിക്കാനുള്ള ശുദ്ധമായ ലക്ഷ്യമാണു സഭയ്ക്കുള്ളത് – മേജർ ആർച്ച്ബിഷപ് പറഞ്ഞു.

## അഴിമതിക്കെതിരെയുവജനങ്ങൾരംഗത്തിറങ്ങണം: ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ



നവസുവിശേഷവത്കരണത്തിനും അഴിമതിരഹിത രാഷ്ട്രനിർമാണത്തിനും യുവജനങ്ങൾ മുന്നിട്ടിറങ്ങണമെന്ന് വരാപ്പുഴ ആർച്ച്ബിഷപ് ഡോ.ഫ്രാൻസിസ് കല്ലറക്കൽ ആഹ്വാനം ചെയ്തു. കെസിവൈഎം സംഘടിപ്പിച്ച വരാപ്പുഴ അതിരൂപത യുവജന സംഗമം-2011 ഉദ്ഘാടനം ചെയ്തു സംസാരിക്കുക യായിരുന്നു അദ്ദേഹം. സമൂഹത്തിനു മാതൃക യാകുന്ന ജീവിതം നയിച്ച് സമൂഹത്തിൽ ശക്തമായ ധാർമിക സംഘടിത ശക്തിയായി മാറാൻ കെസിവൈഎമ്മിന് സാധിക്കട്ടെയെന്നും അദ്ദേഹം ആശംസിച്ചു. വികസനത്തിന് മാനുഷിക മുഖം നൽകുകയും ജനകീയ പങ്കാളിത്തത്തോടെയുള്ള വികസനങ്ങളും സമൂഹത്തിനും രാജ്യത്തിനും മുതൽക്കൂട്ടാകുമെന്നും ചടങ്ങിൽ പങ്കെടുത്ത കേന്ദ്രമന്ത്രി പ്രഫ.കെ.വി തോമസ് പറഞ്ഞു. അഴിമതിക്കാരെ തുറങ്കിലടയ്ക്കുകയും അഴിമതി പണം കണ്ടുകെട്ടുകയും ചെയ്യണം, വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനു വേണ്ടി കുടിയൊഴിപ്പിച്ചവരെ പുനരധിവസിപ്പിച്ച സംസ്ഥാന സർക്കാരിനെ അനുമോദിക്കുന്നു എന്നീ പ്രമേയങ്ങൾ യോഗത്തിൽ പാസാക്കി.

## കാലഘട്ടത്തിനാവശ്യം പ്രതീക്ഷയുടെ പുളിമാവ്: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്



ആധുനിക കാലഘട്ടത്തിനാവശ്യം പ്രതീക്ഷയുടെ പുളിമാവാണെന്നും നിരാശയല്ലെന്നും മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്. വിശുദ്ധ അൽഫോൻസാ തീർഥാടന കേന്ദ്രത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നല്കുകയായിരുന്നു ബിഷപ്. ജീവിതം നൽകുന്നതെല്ലാം സന്തോഷത്തോടെ സ്വീകരിക്കാനുള്ള ആത്മധൈര്യമാണുണ്ടാകേണ്ടത്. ക്രിസ്തുവിനൊടൊത്തു ജീവിക്കുന്നവർക്ക് അതു ലഭിക്കും. വിശുദ്ധരുടെ കബറിടങ്ങൾ സന്ദർശിക്കുകയും മധ്യസ്ഥത തേടുകയും ചെയ്യുമ്പോൾ ഈ ആത്മ ധൈര്യത്തിനായാവണം ആഗ്രഹിക്കേണ്ടത്, കാര്യസാധ്യത്തിനു വേണ്ടിയാ വരുത്- ബിഷപ് പറഞ്ഞു.

## സഹനത്തിന്റെ അഭാവം കുറ്റകൃത്യങ്ങളിലേക്കു നയിക്കുന്നു: ഡോ. ജോസഫ് കാരിക്കശേരി



വർത്തമാന കാലഘട്ടത്തിൽ കുറ്റകൃത്യങ്ങൾ വളരാൻ കാരണം സഹനത്തിന്റെ കുറവാണെന്നു കോട്ടപ്പുറം രൂപത ബിഷപ് ഡോ. ജോസഫ് കാരിക്കശേരി പറഞ്ഞു. അൽഫോൻസാ തീർഥാടന കേന്ദ്രത്തിൽ വിശുദ്ധ ബലിയർപ്പിച്ചു സന്ദേശം നല്കുകയായിരുന്നു ബിഷപ്. സഹനജീവിതത്തിൽ അൽഫോൻസാമ്മ യുടെ മാതൃക തുടരാനായാൽ സമൂഹത്തിലെ കുറ്റകൃത്യങ്ങൾ ഇല്ലാതാക്കാനാവും. തിരിതെളിച്ചാൽ അത് ഊതിക്കെടുത്തുന്നവരുടെ നാടായി കേരളം മാറുന്നു. പിഞ്ചുകുഞ്ഞുങ്ങൾപോലും മുതിർന്നവരാൽ ചൂഷണംചെയ്യപ്പെടുന്നു. ഒറ്റപ്പെടുത്തലിന്റെയും ത്യജിക്കലിന്റെയും അനുഭവം ദൈവോന്മുഖമായ പടവുകളായി അൽഫോൻസാമ്മ കണ്ടറിഞ്ഞു. പുഞ്ചിരിയും എളിമയും വിനയവും കുരുന്നുകൾക്കു പകർന്നു നല്കേണ്ടതു കാലഘട്ടത്തിനാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

**വിദ്യാഭ്യാസ അവകാശങ്ങൾ തകർക്കാൻ സംഘടിതശ്രമം: മാർ ആൻഡ്രൂസ് താഴത്ത്**



ഭരണഘടന അനുശാസിക്കുന്ന മത, ഭാഷ ന്യൂനപക്ഷങ്ങൾക്കുള്ള വിദ്യാഭ്യാസ അവകാശങ്ങൾ തകർക്കാൻ കേരളത്തിൽ ചില സംഘടിതശ്രമങ്ങൾ നടക്കുന്നുണ്ടെന്നും ഇതിനെതിരേ കേരളത്തിലെ പൊതുസമൂഹം ജാഗ്രത പാലിക്കണമെന്നും ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ആഹ്വാനം ചെയ്തു. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംഘടിപ്പിച്ച വിദ്യാഭ്യാസ അവകാശ സംരക്ഷണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പൊതുവിദ്യാഭ്യാസ രംഗത്ത് അധ്യാപക-വിദ്യാർഥി അനുപാതം 1:30 നടപ്പിലാക്കുമ്പോൾ മുഴുവൻ അധ്യാപകർക്കും അതിന്റെ ആനുകൂല്യം ലഭ്യമാക്കാൻ ശ്രമിക്കണമെന്നും മാർ താഴത്ത് ആവശ്യപ്പെട്ടു.

**മൂല്യബോധമുള്ള തലമുറയാകാൻ വായനാശീലം കൂടിയേ കഴിയൂ: ഡോ. ജോസഫ് കരിയിൽ**



പാഠപുസ്തകത്തിന് അപ്പുറമുള്ള അറിവിന്റെ ലോകത്തേക്കു കടന്ന് മൂല്യബോധമുള്ള തലമുറയായി തീരുവാൻ വായനാശീലം കൂടിയേ കഴിയൂ എന്ന് ബിഷപ് ഡോ. ജോസഫ് കരിയിൽ വിദ്യാർഥികളെ ഉദ്ബോധിപ്പിച്ചു. മാധ്യമങ്ങളിൽ വരുന്ന വാർത്തകളുടെ സത്യാവസ്ഥ വിവേചിച്ചറിയുവാൻ നിരന്തരമായി മാധ്യമ അവബോധം വളർത്തണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. തോപ്പുംപടി കാത്തലിക് സെന്ററിൽ പ്രവർത്തിക്കുന്ന സെന്റ് ജോസഫ് കോളജിലെ 1,200 വിദ്യാർഥികളുടെ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

**പ്രതിസന്ധികളെ നേരിടാൻ പുതുതലമുറയെ പ്രാപ്തരാക്കണം: മാർ ജോസഫ് പെരുന്തോട്ടം**



അധ്വാനവും ക്ലേശവും ഒഴിവാക്കി മാതാപിതാക്കൾ മക്കൾക്ക് എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുന്നത് ആപത്താണെന്നും ജീവിതപ്രതിസന്ധികളെ നേരിടാൻ അവരെ പ്രാപ്തരാക്കുകയാണു വേണ്ടതെന്നും ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. ഭരണങ്ങാനത്തു വിശുദ്ധ അൽഫോൻ സാ തീർഥാടനകേന്ദ്രത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നല്കുകയായിരുന്നു ആർച്ച്ബിഷപ്. പ്രയാസങ്ങളെ അതിജീവിച്ചു മുന്നേറുമ്പോൾ ആത്മധൈര്യവും പ്രത്യാശയും നല്കുന്നുവെന്നാണ് അൽഫോൻസാമ്മ തന്റെ ജീവിതം വഴി പഠിപ്പിക്കുന്നത്. സഹനത്തെ ദൈവസ്നേഹത്തിന്റെ അടയാളമായാണ് അൽഫോൻസാമ്മ കണ്ടത്. ചെറിയ ക്ലേശം പോലും ആധുനിക ലോകത്തെ മനുഷ്യനു സഹിക്കാൻ സാധിക്കുന്നില്ല. പരീക്ഷയ്ക്കു തോറ്റാലും മാതാപിതാക്കൾ വഴക്കു പറഞ്ഞാലും ചെറിയ ഒറ്റപ്പെടുത്തലുകളുണ്ടായാലും ജീവിതത്തിൽനിന്നു തന്നെ പാടേ ഒളിച്ചോടാനാണു പുതുതലമുറ താത്പര്യം കാണിക്കുന്നത്. സഹന ജീവിതത്തിൽ അൽഫോൻസാമ്മയെ മാതൃകയാക്കണമെന്നും ആർച്ച്ബിഷപ് പറഞ്ഞു.

## വാരാന്ത്യവീക്ഷണം

**പ്രത്യയശാസ്ത്രക്കാർക്ക് അപ്രിയസത്യങ്ങൾ**

ചരിത്രം വർഗ്ഗസമരസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ വായിക്കാനും അവതരിപ്പിക്കാനും പഠിപ്പിക്കാനും പാടുള്ളു എന്നശാഠ്യം കേരളത്തിലെ മാർക്സിസ്റ്റു പാർട്ടിക്കാരുടെ സ്വന്തമാണ്. അതിനു ചേരാത്ത എല്ലാ ചരിത്ര വായനകളും പഠനങ്ങളും അവർ ശക്തമായി എതിർക്കും. അവർ പാഠപുസ്തകം തയ്യാറാക്കുകയാണെങ്കിൽ വർഗ്ഗസമര സിദ്ധാന്തത്തിൽ അടിയുറച്ച ചരിത്രപാഠങ്ങൾ മാത്രമേ അവതരിപ്പിക്കൂ.

ചരിത്രം വർഗ്ഗസമരത്തിന്റേതാണ് വർഗ്ഗസമരത്തിന്റേതുമാത്രമാണന്നാണ് അവർ പഠിച്ചുവയ്ക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. എന്നുവച്ചാൽ എല്ലാചരിത്രസംഭവങ്ങളും മുതലാളിയും തൊഴിലാളികളും തമ്മിലുള്ള സംഘടനത്തിന്റെയും ഉടമയും അടിമയും തമ്മിലുള്ള സംഘർഷത്തിന്റെയും വിവരണമാണ്. ഈ ഒരു കാഴ്ചപ്പാടിലൂടെ മാത്രമേ ചരിത്ര സംഭവങ്ങളെ

കാണാവൂ; വിലയിരുത്താവു. കമ്മ്യൂണിസത്തിന്റെ സൈദ്ധാന്തിക കണ്ണാടിയിലൂടെ മാത്രം ചരിത്രത്തെ കാണുന്നതാണ് ഈ രീതി.

ഈ രീതിയിൽ മാത്രം ചരിത്രത്തെ കണ്ടുകൊണ്ട് പാഠപുസ്തകങ്ങൾ രചിക്കപ്പെടുകയും അത് എതിർക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പത്താംക്ലാസിലെ സാമൂഹ്യശാസ്ത്രപാഠപുസ്തകം പാഠം-1 ഈ ഗണത്തിൽപ്പെടുന്നു. മതത്തെയും മതനേതൃത്വത്തെയും അധികാരവർഗ്ഗത്തിൽപ്പെടുത്തി അപകീർത്തിപ്പെടുത്തിയും ആക്ഷേപിച്ചും ദുരാരോപണങ്ങൾ ഉയർത്തിയും പാഠപുസ്തകങ്ങൾ രചിക്കാൻ പാർട്ടിക്കാർ എന്ന നിലയിൽ ഇവർക്ക് അവകാശം ഉണ്ടെന്ന പോലെയാണ് ഇവരുടെ പാഠപുസ്തക രചന. ഈ കാഴ്ചപ്പാടിനെ എതിർക്കാൻ പോലും ആർക്കും അവകാശം ഇല്ലെന്നുവരെ പ്രഖ്യപിക്കുന്നരീതിയിൽ പാഠപുസ്തക രചനക്കാർക്കുവേണ്ടി പ്രൊഫ. കാർത്തികേയൻ ദേശാഭിമാനിപത്രത്തിലൂടെ രംഗത്തു വരികയും ചെയ്തു.

കുട്ടനാട്ടിൽ കായൽകൃഷിക്ക് നേതൃത്വം കൊടുത്ത മുരിക്കുംമൂട്ടിൽ മത്തച്ചനെക്കുറിച്ച് ശ്രീ. ടി.ജെ.എസ്.ജോർജ് എഴുതിയ ലേഖനം ഐ.സി.എസ്.ഇ. സിലബസിൽ മലയാളപാഠ പുസ്തകത്തിൽ വന്നത് വിവാദമാക്കുന്നത് ഈ ഒരു പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ്. മുതലാളിത്വത്തെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതാണ് പാഠഭാഗം എന്നാണ് ഒരു ആരോപണം. അവിടെ തൊഴിൽചെയ്തവരെ ആദരിക്കുന്നതിനു പകരം അതിന് നേതൃത്വം നല്കിയ ആൾക്ക് പ്രാധാന്യം നല്കുന്നുവെന്നും ആരോപിച്ചുകണ്ടു. ഭൂപരിഷ്കരണത്തെ ആക്ഷേപിക്കുന്നുവെന്നും പരാതി ഉയർത്തികൊണ്ടുവരുന്നു.

യഥാർത്ഥത്തിൽ റാണി, ചിത്തിര, മാർത്താണ്ഢം കായലുകൾ കുത്തിയെടുത്തതിന്റെ ആശയവും, നേതൃത്വവും, സാമ്പത്തികസ്രോതസ്സും മുരിക്കുംമൂട്ടിൽ മത്തച്ചനായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം കഠിനമായ ക്ഷാമവും അരികിട്ടാനില്ലാത്ത അവസ്ഥയും സംജാതമായി. ഈ സാഹചര്യത്തിൽ അന്നത്തെ ഭരണാധികാരികളുടെ പ്രോത്സാഹനത്തിലും അനുഗ്രഹാശിസുകളോടെയുമാണ് ശ്രീ. മുരിക്കൻ കായൽ വറ്റിച്ചു കൃഷിചെയ്യാൻ ആരംഭിച്ചത്. അവിടെ ആദ്യം വിത്തെറിഞ്ഞതും അവരായിരുന്നു. അദ്ദേഹത്തിന്റെ നേതൃഗുണവും, ഇച്ഛാശക്തിയും, ധീരതയും, ആത്മവിശ്വാസവും അനുകരണീയമാണ്. അതുവഴി കേരളീയസമൂഹത്തിന് പ്രത്യേകിച്ചും കുട്ടനാട്ടുകാർക്ക് ഏറെ നേട്ടങ്ങൾ ഉണ്ടായി. നേട്ടങ്ങളിൽ തൊഴിലാളികൾക്കും നല്ല ഒരു ഭാഗം ലഭിച്ചിട്ടുണ്ട്. അതെല്ലാം വിസ്മരിക്കപ്പെടുന്നതു ഖേദകരമാണ്.

കഴിഞ്ഞ സർക്കാരിന്റെ നേട്ടങ്ങൾ മുഖ്യമന്ത്രി ശ്രീ.വി.എസ്. അച്ചുതാനന്ദന്റേതാണന്നു പാർട്ടി പ്രഖ്യപിച്ചതാണല്ലോ. എന്നാൽ അത് അദ്ദേഹത്തിന്റെ മാത്രമാണോ? എത്രയോ ഉദ്യോഗസ്ഥന്മാരുടെയും ജനപ്രതിനിധികളുടെയും മറ്റും അദ്ധ്വാനം കൊണ്ടാണ് ഈ നേട്ടങ്ങൾ ഉണ്ടായത്. എങ്കിലും ഈ പ്രവർത്തനങ്ങൾക്കു നേതൃത്വവും രൂപവും ഭാവവും നല്കിയത് ശ്രീ.വി.എസ്. അച്ചുതാനന്ദൻ തന്നെ ആയിരുന്നു. അതുകൊണ്ടു നേട്ടങ്ങൾ അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു.അതുപോലെ തന്നെയാണ് ശ്രീ. മുരിക്കുംമൂട്ടിൽ മത്തച്ചന്റേതും.

മുരിക്കന്റെ നന്മകളെ അനുസ്മരിക്കുന്ന ലേഖനം മറ്റുള്ളവരുടെ അതായത് തൊഴിലാളികളുടെ സഹകരണത്തെക്കുറിച്ച് ചർച്ചചെയ്യുന്നില്ല എന്നത് സ്വാഭാവികം. ഇന്ന് തൊഴിൽരംഗത്തെ പാർട്ടിവൽക്കരണംകൊണ്ട് ആരെങ്കിലും ഇതുപോലെ ജനനന്മക്കുപകരിക്കുന്ന ധീരമായ പ്രവർത്തനങ്ങൾക്കിറങ്ങിത്തിരിക്കുമോ എന്നും ചിന്തിക്കണം. ചരിത്രത്തെ യാഥാർത്ഥ്യമായി അംഗീകരിക്കുകയില്ല; ചരിത്രത്തിന്റെ മാർക്സിസ്റ്റു വ്യാഖ്യനം മാത്രം യാഥാർത്ഥ്യമായി അംഗീകരിക്കുകയുള്ളു എന്ന പാർട്ടിക്കാരുടെ നിലപാട് സമൂഹം ചർച്ച ചെയ്യേണ്ടതാണ്.

ഭൂപരിഷ്ക്കരണത്തിന്റെ നന്മതിന്മകൾ കേരളം കണ്ടുകൊണ്ടിരിക്കയാണ്. അതിൽ നിന്നും എന്തൊക്കെ നന്മകൾ ഉണ്ടായി? കേരളത്തിന്റെ സാമൂഹ്യസാമ്പത്തിക വളർച്ചക്കും തളർച്ചക്കും ഈ നിയമം എത്ര ഫലപ്രദമായിരുന്നു?. ഇന്നു കേരളത്തിന്റെ സാമ്പത്തീക സ്രോതസ്സിൽ എന്തെങ്കിലും സാരമായ പങ്കുവഹിക്കാൻ ഭൂമി സ്വന്തമാക്കിയവർക്കു കഴിയുന്നുണ്ടോ?. ഈ ഭൂമി എന്തിനുവേണ്ടി ഇപ്പോൾ ഉപയോഗിക്കപ്പെടുന്നു?. കാർഷികമേഖലയുടെ എത്രമാത്രം സ്വാധീനം നമ്മുടെ സാമ്പത്തീക രംഗത്തുണ്ട്? ഇക്കാര്യങ്ങൾ സമഗ്രമായി വിലയിരുത്തുമ്പോഴാണ് കൊട്ടിഘോഷിക്കപ്പെടുന്ന പല മഹത്തായ രാഷ്ട്രീയ നീക്കങ്ങളുടെയും പൊള്ളത്തരം വെളിവാക്കുക.

# ജാഗ്രതാ വാർത്ത

## സ്വാശ്രയ വിദ്യാഭ്യാസരംഗം; നിരീക്ഷണങ്ങൾ

**ഡോ. എം.എസ്.ജയപ്രകാശ്**

"ഇവിടെ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസം പ്രാഥമിക വിദ്യാഭ്യാസം പോലെ ഓരോരുത്തരുടേയും അവകാശമല്ല എന്ന കാര്യം സൗകര്യം പോലെ വിസ്മരിക്കാവുന്നതല്ല. കൂടുതൽ മികച്ച ജീവിത സാഹചര്യത്തിലേക്ക് കടക്കാനുള്ള അവസര മൊരുക്കുന്നതാണ് പ്രൊഫഷണൽ വിദ്യാഭ്യാസം. എന്നാൽ താഴെത്തട്ടിലുള്ള ദരിദ്രവിഭാഗങ്ങൾക്കു കൂടി അതിന്റെ പ്രയോജനം ഉണ്ടാകണ മെന്നത് നീതിനിഷ്ഠ സമൂഹത്തിന് അനിവാര്യമാണുതാനും. അതിനുവേണ്ടി സ്വാശ്രയ സ്ഥാപനങ്ങളുടെ നിലനില്പ് അപകടത്തിലാക്കുന്ന പരിപാടികൾ ഉചിതമല്ല. അതിന് വഴിയൊരുക്കാൻ സർക്കാറിന് ബാദ്ധ്യതയും കടമയുമുണ്ട്. ഇതിന്റെ പേരിൽ ചർച്ച് കൗൺസിലിനെ കുരിശിലേറ്റുന്നത് ഉചിതമല്ല. സർക്കാർ തന്നെ സ്ഥാപനങ്ങളുണ്ടാക്കി പ്രശ്നം പരിഹരിക്കാമെന്നത് അശാസ്ത്രീയമാണ്. ഇതിനുള്ള സാമ്പത്തികശേഷി സർക്കാറിനുണ്ടായിരിക്കില്ല. അതു കൊണ്ടാണ് ട്രസ്റ്റുകളും വ്യക്തികളും രംഗത്തുവന്ന് സ്വാശ്രയ മേഖലക്ക് രൂപവും ഭാവവും നൽകിയിരിക്കുന്നത്. ഇവിടെയാണ് നടത്തിപ്പിനും വികസനത്തിനും വേണ്ട വരുമാനം കിട്ടണമെന്ന വാദം ശക്തിപ്പെടുന്നത്. അവസര സമത്വം, സ്ഥാപനങ്ങളുടെ നിലനില്പ്- ഇത് രണ്ടും അനിഷേധ്യമാണ്. ഇവ തമ്മിൽ സന്തുലനം വേണമെന്നിടത്താണ് സ്വാശ്രയ പ്രശ്നത്തിന്റെ കാതൽ നാം കാണേണ്ടത്.

സർക്കാർ മുൻകൈ എടുത്ത് ദരിദ്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും മറ്റും ഏർപ്പെടുത്തണം. സ്ഥാപനങ്ങൾക്കും അതിൽ പങ്കുണ്ടാകണം. ഇന്റർ ചർച്ച് കൗൺസിൽ സ്ഥാപനങ്ങളിൽ ഓരോ ബാച്ചിലും പത്ത് ശതമാനം പേർക്ക് ഫീസ് ഒഴിവാക്കുന്നവിധം സ്കോളർഷിപ്പ് നൽകുന്ന രീതി അനുകരണീയമാണ്. സർക്കാറിലായാലും സ്വാശ്രയത്തിലായാലും പ്രൊഫഷണൽ വിദ്യാഭ്യാസം ചെലവു കൂടിയതാണ്. സർക്കാർ ഫീസ് കുറക്കുന്നതിന്റെ ഭാരം താങ്ങേണ്ടത് ജനമാണെന്ന കാര്യം മറക്കരുത്. സ്വാശ്രയ ത്തിൽ കുറേപേരെ കുറഞ്ഞ ചെലവിൽ പഠിപ്പിക്കാൻ മറ്റു വിദ്യാർത്ഥികൾ കൂടുതൽ തുക നൽകണമെന്നുവരുന്നത് അന്യായമാണ്. ഇക്കര്യങ്ങൾ രാഷ്ട്രീയ കക്ഷികളും മനസ്സിലാക്കേണ്ടതുണ്ട്. യാഥാർത്ഥ്യ ബോധമില്ലാതെ ദരിദ്രപക്ഷം പിടിക്കുന്നതിന്റെ ലക്ഷ്യം വോട്ടുബാങ്കാണ്. ഈ രാഷ്ട്രീയ ലക്ഷ്യത്തിന്റെ ഇരകളാകാൻ സ്വാശ്രയം വിധിക്കപ്പെട്ട് പുരോഗമനം പറയുന്ന ചിലർ ഒരുക്കുന്ന സീറ്റിന് 55 ലക്ഷം മുടക്കി ചോരച്ചാലുകൾ നീന്തിക്കയറി പഠിക്കാനും ശ്രമിക്കുന്നുണ്ടല്ലോ. അതിനെ സ്വാശ്രയ മാർക്സിസം എന്നു വിളിക്കാം. മാർക്സിൽ നിന്നും മാർട്ടിനിലേക്കുള്ള ദൂരം അരികെയാകുമ്പോൾ ഇത് സ്വാഭാവികം മാത്രം!."

**മാർക്സിൽ നിന്നും മാർട്ടിനിലേക്കുള്ള ദൂരം. ചന്ദ്രിക(20/7/11**

## ഇന്ത്യൻ ദരിദ്രർ!

**മുഹമ്മദ് അമീൻ**

2005 ലെ വാങ്ങൽ ശേഷി പ്രകാരം , 1.25 ഡോളറായി ദാരിദ്ര്യരേഖ ലോകബാങ്ക് സ്വയം 2007 ൽ പുതുക്കി നിശ്ചയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാന ത്തിൽ ഇന്ത്യൻ ജനസംഖ്യയുടെ 41.6 ശതമാനം (45.6കോടി)

തൊഴിലാളിജനസംഖ്യയിൽ 39.5 കോടി ദാരിദ്ര്യരേഖയ്ക്കു താഴെയാണെന്നു ഡൽഹി യൂനിവേഴ്സിറ്റിയിലെ മാനേജ്മെന്റ് സ്റ്റഡീസ് പ്രഫസർ രാഘവ് ഗൈഹ പറയുന്നു. ഇതു ലോക മാകെയുള്ള ദരിദ്രരുടെ മൂന്നിലൊരു ഭാഗമാണ്. ഭൂരിപക്ഷം ദരിദ്രരും ജീവിക്കുന്ന ഗ്രാമീണ പ്രദേശ ങ്ങളെ പര്യാപ്തമായി ഉൾക്കൊള്ളാത്തതിനാൽ ഈ ലോകബാങ്ക് കണക്കും യഥാർഥത്തിൽ ഉള്ളതിനേ ക്കാളും കുറവാണ്.

അസംഘടിത മേഖലയിലെ സംരംഭങ്ങളുടെ ദേശീയ കമ്മീഷൻ,83.6 കോടി ഇന്ത്യക്കാർ ഓരങ്ങളിലേക്കു തഴയപ്പെട്ടവരാണെന്ന് ഈയിടെ പ്രഖ്യാപിച്ചു. അസംഘടിതമേഖലയിലെ തൊഴിലാളി കളിൽ 79% പേരുടെയും വരുമാനം പ്രതിദിനം 20 രൂപയിൽ താഴെയാണെന്നു കമ്മീഷൻ ചെയർമാനായ അർജുൻ സെൻ ഗുപ്ത പറയുന്നു. അസംഘടിത മേഖലയിലെ ഉപജീവനോപാധികളുടെ അഭിവൃദ്ധി യും തൊഴിലുമെന്ന തലക്കെട്ടിലുള്ള കമ്മീഷന്റെ പുതിയ റിപ്പോർട്ടിൽ, തൊഴിലാളി ജനസംഖ്യയിൽ 39.5 കോടി (മൊത്തം തൊഴിലാ ളികളുടെ 86 ശതമാനം) അസംഘടിത മേഖലയിലാണെന്നും തീർത്തും ശോചനീയമായ സാഹചര്യത്തിലാ ണെന്നും ഉപ ജീവനോപാധി സാധ്യതകൾ അങ്ങേയറ്റം കുറവാ ണെന്നും പറയുന്നു. ദേശീയ സാമ്പിൾ സർവേ അതിസൂക്ഷ്മമായ ഗവേ ഷണളിലൂടെയാണ് പ്രാദേശിക, ജില്ലാ, പ്രവിശ്യാതല കണക്കുകൾ കണ്ടെത്തു ന്നത്. സ്ഥിതിവിവരക്ക ണക്കുകളിലൂടെ 23.5 കോടി പേർ സ്വന്തം കാര്യങ്ങ ൾക്കു സ്വയംപര്യാപ്ത രാണെന്നും 83.6 കോടി പേർ (ജനസംഖ്യയുടെ 77 ശതമാനം പേർ) സഹായം ആവശ്യമായവരാണെ ന്നും കണ്ടെത്തി.

**സർക്കാർ കണക്കുകളെ വിശ്വസിക്കാമോ?. തേജസ് (20/7/2011**

**"Jagratha News"** - An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25,